LIBRARY ARCHIVES Kerala Legislative Assembly

10. വ്യാവസായിക പരിശീലന സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. ബി. രാഘവൻ : സർ, സർക്കാരിന്റെ അംഗീകാരം നേടിയിട്ടുള്ള വ്യാവസായിക പരിശീലന സ്കൂളുകളിലെ 300 അദ്ധ്യാപകരിൽ മഹാഭൂരിപക്ഷവും ടെയ്ലറിംഗുമായി ബന്ധപ്പെട്ടവരാണ്. അവർ ഇപ്പോൾ ഫാഷൻ ഡിസൈനിംഗിലേക്ക് മാറുകയാണ്. അത് സ്കൂളുകളിൽ അംഗീകാരത്തിനായി മാറ്റിക്കൊണ്ട് വരേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഈ പരിശീലനവുമായി ബന്ധപ്പെട്ട് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കാനായി നിയോഗിച്ച ശ്രീ ജയരാജൻ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കേണ്ടതായിട്ടുണ്ട്. അവരുടെ ഗ്രാൻഡ്-ഇൻ-എയ്ഡ് ഇപ്പോൾ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആ തുക വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അതിൽ മഹാഭൂരിപക്ഷംപേരും വനിതകളാണ്. ആ വനിതകളുടെ പൊതു താൽപ്പര്യം പരിരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഈ അംഗീകാരം ലഭിച്ചിട്ടുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കാനുതകുന്ന നിലപാട് സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, വ്യവസായ പരിശീലന വകുപ്പിന്റെ കീഴിലുള്ള സ്വകാര്യ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.-കളിലെ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ മുന്നിൽ രണ്ട് ശമ്പളം നൽകണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2010-ൽ പുതിയ സ്വകാര്യ ഐ.ടി.സി.-കൾ ആരംഭിക്കുന്നതിന് അനുമതി നൽകിയപ്പോൾ ഐ.ടി.സി. ജീവനക്കാർക്ക് ഗവൺമെന്റ് ഐ.ടി.ഐ. ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ മുന്നിൽ രണ്ട് ഭാഗമെങ്കിലും ശമ്പളമായി നൽകണമെന്ന വ്യവസ്ഥ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുകയും അപ്രകാരം എഗ്രിമെന്റ് നൽകിയിട്ടുള്ള ഐ.ടി.സി.-കളുടെ അഫിലിയേഷൻ ശിപാർശകൾ മാത്രമേ എൻ.സി.വി.ടി.-യുടെ അഫിലിയേഷൻ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുള്ളൂ. പുതുതായി അനുവദിക്കുന്ന ഐ.ടി.സി.-കളിലും ഈ വ്യവസ്ഥ നിർബന്ധമാക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

11. ലൈബ്രറി പുസ്തകങ്ങൾ സ്വരൂപിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഞാനൊരു ഗ്രന്ഥശാലാ പ്രവർത്തകനായിരുന്നു. ഒരു എഴുത്തുകാരനാണ്. നിരവധി എഴുത്തുകാരുടെയും ഗ്രന്ഥശാലാംഗങ്ങളുടെയും പുസ്തക പ്രസിദ്ധീകരണ ശാലകളുടെയും വ്യഥയാണ് ഈ സബ്മിഷൻ. ജ്ഞാനപീഠ ജേതാവും മലയാളത്തിന്റെ അഭിമാനവുമായ ഒ.എൻ.വി. കുറുപ്പുസാറിന്റെ വികാര വിചാരങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. മനുഷ്യകുലത്തെ സംസ്കാരസമ്പന്നമാ

11.00 AM]

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിൽ ഭാഷയുടെ സ്ഥാനം പ്രഥമഗണനീയമാണ്. ഭാഷയെ സമ്പന്നമാക്കുന്നത് സാഹിത്യവും, സാഹിത്യം സമ്പന്നമാവാൻ പുതിയ സർഗ്ഗപ്രതിഭകൾ കടന്നു വരണം. പഴയ എഴുത്തുകാരുടെ സാഹിത്യ സൃഷ്ടികൾ പുസ്തക കടകളിലും വായനശാലകളിലും ലഭ്യമാകണം. എന്നാൽ ഇന്നത്തെ പ്രതിസന്ധി പുതിയ തലമുറയിലെയും പഴയ തലമുറയിലെയും സർഗ്ഗാത്മക എഴുത്തുകാരുടെ രചനകളുടെ പുത്തൻ പതിപ്പുകൾ വായനയ്ക്കായി പഴയതുപോലെ ലഭ്യമാകുന്നില്ല എന്നതാണ്. കേരളത്തിൽ ഏറ്റവും അധികം പുസ്തകങ്ങൾ വിൽക്കുന്നത് ലൈബ്രറി കൗൺസിലിന്റെ കീഴിൽ ലൈബ്രറി വികസന സമിതികൾ ജില്ലാ കേന്ദ്രങ്ങളിൽ നടത്തുന്ന പുസ്തകമേളകളിലൂടെയാണ്. കേരളത്തിലെ ലൈബ്രറികൾ പുസ്തകങ്ങൾ സ്വരൂപിക്കുന്ന ഈ പുസ്തകമേളയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഒന്ന്, പുസ്തകങ്ങൾ വരുത്തുന്ന പത്ത് അടി വലിപ്പമുള്ള മേശയുടെ വാടകയായി എറണാകുളം ജില്ലയിൽ 3500 രൂപയും മറ്റ് ജില്ലകളിൽ 5000 രൂപയും ഈടാക്കുന്നു. രണ്ട്, പണമുള്ളവർ സ്വന്തം കീശയിൽ നിന്ന് പണം എടുത്ത് അച്ചടിപ്പിച്ച ഗുണനിലവാരമില്ലാത്ത പുസ്തകങ്ങൾ മേളയിൽ വ്യാപകമായി എത്തുന്നു. മൂന്ന്, പുസ്തകശാലകളിലെ നല്ല പുസ്തകങ്ങൾ മുഴുവൻ നിരത്തിവയ്ക്കാൻ കഴിയാത്തതുമൂലം ഗ്രന്ഥശാലകൾക്ക് നല്ല പുസ്തകങ്ങൾ ലഭ്യമാക്കുന്നില്ല. നാല്, പുസ്തക ശാലകളിൽ വിൽക്കാതെ കിടക്കുന്ന തറപുസ്തകങ്ങളുടെ ആദ്യപ്രതികൾ പുസ്തകമേളയിൽ നിരത്തുന്ന പ്രവണത നിലനിൽക്കുന്നതു മൂലം നല്ല പുസ്തകങ്ങളുടെ റീപ്രിന്റുകൾ ഇല്ലാതാവുന്നു. ഈ സാഹചര്യം തുടർന്നാൽ വായനശാലകളിൽ മെച്ചപ്പെട്ട പുസ്തകങ്ങൾ ഇനി ഇല്ലാതെയാകും. ഗ്രന്ഥശാലകളിൽ നിന്ന് വായനക്കാർ അകലും. സാംസ്കാരിക കേരളത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ആയതുകൊണ്ട് പുസ്തക മേളകൾ സംഘടിപ്പിക്കുന്ന ലൈബ്രറി വികസന സമിതിക്ക് സർക്കാർ ഓഡിറ്റ് ഏർപ്പെടുത്തി മേളകൾ ലാഭനഷ്ടങ്ങൾ ഇല്ലാത്ത തരത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും 50 ശതമാനം പുസ്തകങ്ങൾ പഴയകാലം പോലെ ഇഷ്ടമുള്ളിടത്തുനിന്ന് തെരഞ്ഞെടുത്ത് വാങ്ങാൻ ഗ്രന്ഥശാലകൾക്ക് രണ്ട് മാസക്കാലാവധി ഓരോ വർഷവും അനുവദിക്കണമെന്ന് ഞാൻ വിനീതമായി ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാഹിത്യകാരന്മാരും ഗ്രന്ഥശാലാ പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും ജില്ലാ ലൈബ്രറി കൗൺസിലും ചേർന്ന് രൂപീകരിച്ച് വികസന സമിതികൾ. പുസ്തകോത്സവവുമായി ബന്ധപ്പെട്ട് ഉന്നയിച്ച സബ്മിഷനിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതാണ്. പുസ്തകങ്ങളുടെ നിലവാരവും പുസ്തകം തെരഞ്ഞെടുക്കാനുള്ള ഗ്രന്ഥശാലകളുടെ സ്വാതന്ത്ര്യവും ഉറപ്പ് വരുത്തുക. പുസ്തക മേളയുടെ വരവ് ചെലവ് ഓഡിറ്റിംഗിന് വിധേയമാക്കുക, 50 ശതമാനം പുസ്തകം ഗ്രന്ഥശാലകൾക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കുന്നതിനുള്ള അനുവാദം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. നിശ്ചയമായിട്ടും ഇത്തരത്തിലുള്ള പുസ്തകോത്സവങ്ങളിൽ പുസ്തകം എക്സിബിറ്റ് ചെയ്യുന്നതിന് കൂടുതൽ സ്ഥലസൗകര്യം ഉറപ്പ് വരുത്തുന്നതാണ്.